"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വിവിധ ജില്ലകളിലെ കർഷകരുടെ വ്യക്തിഗത അപേക്ഷകളിന്മേൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസ തുക വിതരണം ചെയ്യുന്നതിന് 2023-24 സാമ്പത്തിക വർഷം അനുവദിച്ചതും വിതരണം ചെയ്യാൻ കഴിയാത്തതുമായ തുക 2025-26 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(കൈ) നം.100/2025/AGRI തീയതി,തിരുവനന്തപുരം, 22-08-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 1153/2023/അഗ്രി തീയതി 30/11/2023
2. സ.ഉ.(സാധാ) നം. 1155/2023/അഗ്രി തീയതി 01/12/2023
3. സ.ഉ.(സാധാ) നം. 1159/2023/അഗ്രി തീയതി 01/12/2023
4. സ.ഉ.(സാധാ) നം. 1160/2023/അഗ്രി തീയതി 01/12/2023
5. സ.ഉ.(സാധാ) നം. 1161/2023/അഗ്രി തീയതി 01/12/2023
6. സ.ഉ.(സാധാ) നം. 1162/2023/അഗ്രി തീയതി 01/12/2023
7. സ.ഉ.(സാധാ) നം. 1163/2023/അഗ്രി തീയതി 01/12/2023
8. സ.ഉ.(സാധാ) നം. 1165/2023/അഗ്രി തീയതി 01/12/2023
9. സ.ഉ.(സാധാ) നം. 1167/2023/അഗ്രി തീയതി 01/12/2023
10. സ.ഉ.(സാധാ) നം. 1168/2023/അഗ്രി തീയതി 01/12/2023
11. സ.ഉ.(സാധാ) നം. 1169/2023/അഗ്രി തീയതി 01/12/2023
12. സ.ഉ.(സാധാ) നം. 1171/2023/അഗ്രി തീയതി 01/12/2023
13. സ.ഉ.(സാധാ) നം. 1172/2023/അഗ്രി തീയതി 02/12/2023
14. സ.ഉ.(സാധാ) നം. 1173/2023/അഗ്രി തീയതി 02/12/2023
15. സ.ഉ.(സാധാ) നം. 1174/2023/അഗ്രി തീയതി 02/12/2023
16. സ.ഉ.(സാധാ) നം. 1175/2023/അഗ്രി തീയതി 02/12/2023
17. സ.ഉ.(സാധാ) നം. 1176/2023/അഗ്രി തീയതി 02/12/2023
18. സ.ഉ.(സാധാ) നം. 1177/2023/അഗ്രി തീയതി 02/12/2023
19. സ.ഉ.(സാധാ) നം. 1189/2023/അഗ്രി തീയതി 06/12/2023
20. സഹകരണ സംഘം രജിസ്ട്രാറുടെ 07/05/2024, 19/10/2024 എന്നീ തീയതികളിലെ ജി (2) 5380/2021 നമ്പർ കത്തുകൾ.

21. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 29/10/2024, 18/11/2024, 22/03/2025 എന്നീ തീയതികളിലെ ADFW/5354/2024-FIN-2 നമ്പർ കത്തുകൾ.

22. സ.ഉ (സാധാ) നം. 378/2025/കൃഷി തീയതി 19/04/2025.

<u>ഉത്തരവ്</u>

1. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സഹകരണ ബാങ്കുകളിൽ/ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്ന അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് കമ്മീഷൻ പുറപ്പെടുവിച്ച അവാർഡുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധന കഴിഞ്ഞ് ലഭിച്ച പ്രപ്പോസലുകൾ പരിശോധിച്ച് സർക്കാർ 2023-24 സാമ്പത്തിക വർഷം പരാമർശം (1) മുതൽ (19) വരെയുള്ള ഉത്തരവുകൾ പ്രകാരം 18,51,91,679/- രൂപ (പതിനെട്ട് കോടി അമ്പത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി അറുന്നൂറ്റി എഴുപത്തിയൊമ്പത് രൂപ മാത്രം) സംഘങ്ങൾക്ക് കൈമാറുന്നതിനായി ചുവടെ ചേർക്കുംപ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| No. | District | Amount Proposed by KSFDRC | Amount recommended by RCS | GO |
|---|---|---|---|---|
| 1 | Kollam | 2,44,12,300.00 | 2,44,12,300.00 | GO(Rt) No.1153/2023/Agri dt 30.11.23 |
| 2 | Wayanad | 1,34,82,011.00 | 1,35,02,011.00 | GO(Rt) No.1155/2023/Agri dated 1.12.23 |
| 3 | Wayanad | 1,12,37,102.00 | 1,10,32,102.00 | GO(Rt) No.1159/2023/Agri dated 1.12.23 |
| 4 | Kannur | 59,89,162.00 | 59,14,162.00 | GO(Rt) No.1160/2023/Agri dt.1.12.23 |
| 5 | Wayanad | 1,39,79,325.00 | 1,38,20,200.00 | GO(Rt) No.1161/2023/Agri dt.1.12.23 |
| 6 | Alappuzha | 7,18,428.00 | 7,18,428.00 | GO(Rt) No.1162/2023/Agri |

| | | | | |
|---|---|---|---|---|
| | | | | dt.1.12.23 |
| 7 | Kollam | 98,000.00 | 98,000.00 | GO(Rt) No.1163/2023/Agri dt 1.12.23 |
| 8 | Kollam | 1,55,46,874.00 | 1,55,46,874.00 | GO(Rt) No.1165/2023/Agri dt 1.12.23 |
| 9 | Kollam | 1,00,000.00 | 1,00,000.00 | GO(Rt) No.1167/23/Agri dt 1.12.23 |
| 10 | Idukki | 95,05,868.00 | 9,505,868.00 | GO(Rt) No.1168/2023/Agri dt 1.12.23 |
| 11 | Idukki | 17,53,950.00 | 17,16,450.00 | GO(Rt) No.1169/2023/Agri dt 1.12.23 |
| 12 | Palakkad | 9,37,682.00 | 9,37,682.00 | GO(Rt) No.1171/2023/Agri dt 1.12.23 |
| 13 | Wayanad | 6,21,11,982.00 | 6,17,80,982.00 | GO(Rt) No.1172/2023/Agri dt 2.12.23 |
| 14 | Thrissur | 37,500.00 | 37,500.00 | GO(Rt) No.1173/2023/Agri dt 2.12.23 |
| 15 | Alappuzha | 65,750.00 | 65,750.00 | GO(Rt) No.1174/2023/Agri dt 2.12.23 |
| 16 | Kannur | 73,125.00 | 73,125.00 | GO(Rt) No.1175/2023/Agri dt 2.12.23 |
| 17 | Idukki | 1,75,36,495.00 | 1,74,82,495.00 | GO(Rt) No.1176/2023/Agri dt 2.12.23 |
| 18 | Kasargod | 4,11,000.00 | 4,11,000.00 | GO(Rt) No1177/2023/Agri dt 2.12.23 |
| 19 | Trivandrum | 83,21,750.00 | 80,36,750.00 | GO(rt) No.1189/2023/Agri dt 6.12.23 |

ആകെ - Rs.18,51,91,679/- (പതിനെട്ട് കോടി അൻപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റൊരായിരത്തി അറുന്നൂറ്റി എഴുപത്തിയൊൻപത് രൂപ മാത്രം).

2. എന്നാൽ പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ് മാപ്പ് ചെയ്ത് നൽകിയിട്ടില്ലെന്നും ആയതിനാൽ തുക അനുവദിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കണമെന്നും പരാമർശം 20-ലെ കത്തുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു.

3. 2023-24 സാമ്പത്തിക വർഷം പുറപ്പെടുവിച്ച ടി ഉത്തരവുകൾ പ്രകാരമുള്ള തുക സാങ്കേതികമായ കാരണങ്ങളാൽ ആ വർഷം ചെയ്യാൻ കഴിയാത്തതിനാൽ പ്രസ്തുത നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബജറ്റ് തുകയിൽ നിന്നും മാത്രമേ ഇനി നൽകാൻ സാധിക്കുവെന്നും, ടി തുകകൾ നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റ് തുകയിൽ നിന്നും വിതരണം ചെയ്യാൻ സർക്കാർ ഉത്തരവുകൾ പുതുക്കി നൽകണമെന്നും കൃഷി വകുപ്പ് ഡയറക്ടർ പരാമർശം (22) ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. കൊട്ടാരക്കര അർബൻ സഹകരണ ബാങ്ക് കടാശ്വാസ തുക ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത WP(c) No. 4544/2025 കേസിലെ 28.03.2025 തീയതിയിലെ ഇടക്കാല വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 22-ലെ സർക്കാർ ഉത്തരവ് പ്രകാരം 30.11.2023 തീയതിയിലെ സ.ഉ (സാധാ) നം. 1153/2023/കൃഷി (പരാമർശം 1), 01.12.2023 തീയതിയിലെ സ.ഉ (സാധാ) നം. 1165/2023/കൃഷി (പരാമർശം 8) എന്നീ ഉത്തരവുകൾ പ്രകാരം അനുവദിക്കുകയും എന്നാൽ വിതരണം ചെയ്യാതിരിക്കുകയും ചെയ്ത (88,71,313+1,14,07,700) 2,02,79,013/- (രണ്ട് കോടി രണ്ട് ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി പതിമൂന്ന് രൂപ മാത്രം) രൂപ ഉൾപ്പെടെ സർക്കാരിൽ നിന്നും കടാശ്വാസം അനുവദിച്ച വകയിൽ കൊട്ടാരക്കര അർബൻ സഹകരണ ബാങ്കിന് നൽകാനുണ്ടായിരുന്ന 2.38 കോടി രൂപ വിതരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷം കടാശ്വാസം അനുവദിക്കുന്നതിനായി വിവിധ ജില്ലകൾക്ക് പരാമർശം (1) മുതൽ (19) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച 18,51,91,679/- രൂപയിൽ കൊട്ടാരക്കര അർബൻബാങ്കിന് പരാമർശം 22-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 2,02,79,013/- രൂപ കിഴിച്ച് 16,49,12,666/- (പതിനാറ് കോടി നാൽപത്തിയൊൻപത് ലക്ഷത്തി പന്ത്രണ്ടായിരത്തി അറുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) 2401-00-104-86(01)-34-3 N-V-Debt

Relief Commission ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പ്രസ്തുത ഉത്തരവുകളിൽ പരാമർശിച്ചിരിക്കുന്ന സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (BAMS) വഴി വിതരണം ചെയ്യുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ 2401-00-104-86(01)-34-3 N-V-Debt Relief Commission എന്ന ശീർഷകം ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റത്തിലെ (BAMS) ആവശ്യമായ വിഹിതവുമായി സഹകരണ സംഘം രജിസ്ട്രാർക്ക് ക്രോസ്സ് മാപ്പ് ചെയ്ത് നൽകേണ്ടതും സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ (DDO) ടി തുക ബിൽ ഇൻഫർമേഷൻ & മാനേജിംഗ് സിസ്റ്റം (BiMS) മുഖേന പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

7. തുക വിതരണം ചെയ്തതിനുശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (21-08-2025 തീയതിയിലെ 2559109/Agri-C1/96/2022-FIN)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 22-08-2025 17:15:32
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്